(സി) താജ് ടവേഴ്സ് കായംകുളത്തിന്റെ പേരിൽ നാളിതുവരെ കെ. എഫ്.സി.യിൽനിന്നും എടുത്തിട്ടുള്ള ലോണുകളുടെ വിശദവിവരം നൽകുമോ; സിറാജുദീൻ കെ.എഫ്.സിയിൽനിന്നും എടുത്തിട്ടുള്ള ലോൺ എന്തുതുക വരും എന്ന് അറിയിക്കുമോ;

(ഡി) ഈ ലോൺതുക തിരിച്ചടവ് നടത്തിയിട്ടില്ലെങ്കിൽ കെ.എഫ്. സി. സ്വീകരിച്ച മേൽനടപടികൾ വ്യക്തമാക്കുമോ;

(ഇ) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അത് പരിശോധിച്ച് ആവശ്യ മായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) 1999 മാർച്ച് മാസത്തിലെടുത്ത ലോൺതുക കെ.എഫ്.സി.ക്ക് രേഖാമൂലം നൽകിയ ആവശ്യത്തിന് ഉപയോഗിച്ചിട്ടുണ്ടോ; ഉണ്ടെന്ന് ഉറപ്പാ ക്കാനുള്ള തെളിവുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ജി) കായംകുളം താജ് ടവേഴ്സിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഫൈനാൻസ് വകുപ്പിന്റെ വിജിലൻസ് വിഭാഗം എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എച്ച്) ഈ ഗ്രൂപ്പിന്റെ സാമ്പത്തിക ബിസിനസുകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 30.3.98-ൽ സിറാജുദീന് 90 ലക്ഷം രൂപയുടെ വായ്പ താജ് ടവേഴ്സ് എന്ന സ്ഥാപനം തുടങ്ങുന്നതിനുവേണ്ടി അനുവദിച്ചു. 24.3.1999 ൽ ആദ്യ ഗഡുവായ 26,65,000/- രൂപ നൽകി.

(ഡി) പ്രോജക്ട് ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. സിറാജുദീന്റെ പേർക്ക് പലതവണ രജിസ്റ്റേർഡ് കത്തുകൾ അയച്ചു. കെ.എഫ്.സി. ഉദ്യോഗ സ്ഥർ സ്ഥലം സന്ദർശിച്ചു. തുടർന്ന് റിക്കവറി നടപടികൾ സ്വീകരിച്ചു.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. കെ.എഫ്.സി യിലെ എൻജിനീയറുടെ വാല്യുവേഷൻ റിപ്പോർട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ലഭ്യമല്ല.

സഹകരണ മേഖലയിൽനിന്നും ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക

46 (379) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽനിന്നും സംസ്ഥാന ട്രഷറിയിൽ എത്ര രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഡെപ്പോസിറ്റിന് സാധാരണ നിരക്കിലുള്ള പലിശയാണോ നൽകുന്നത്; അതോ വ്യത്യസ്തമാണോ എന്ന് വെളിപ്പെടുത്തുമോ;

(സി) വ്യത്യസ്ത നിരക്കാണെങ്കിൽ അതിന്റെ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ മേഖലയിലെ ഡെപ്പോസിറ്റ് മടക്കിക്കൊടുക്കണമെന്ന് റിസർവ് ബാങ്കോ നബാർഡോ ആവശ്യപ്പെട്ടതായി ഗവൺമെന്റിന് അറിയാമോ;

(ഇ) കർഷകർക്ക് വായ്പ കൊടുക്കേണ്ട ഭീമമായ തുക ട്രഷറിയിൽ നിക്ഷേപിച്ചതിനെത്തുടർന്ന് സഹകരണ മേഖലയിലൂടെ കർഷകർക്ക് കൊടുക്കേണ്ട വായ്പാവിതരണം നിർത്തിവച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സഹകരണ ബാങ്കുകളുടെ നിക്ഷേപം മടക്കി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിഭവ സമാഹരണത്തിന്റെ ഭാഗമായി വിവിധ സഹകരണ ബാങ്കുകൾ ട്രഷറിയിൽ 632.82 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) വ്യത്യസ്തമാണ്.

(സി) വിഭവ സമാഹരണത്തിന്റെ ഭാഗമായി കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ വേണ്ടി.

(ഡി) അറിയാം.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) നിക്ഷേപങ്ങൾ ഘട്ടംഘട്ടമായി മടക്കി നൽകുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ട്രഷറികളിൽ കമ്പ്യൂട്ടർവൽക്കരണം

47 (380) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി വകുപ്പിൽ സമഗ്ര കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ ഏതുവരെയായിട്ടുണ്ട്; ഏതെല്ലാം ട്രഷറികൾ സമഗ്രമായി കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; എങ്കിൽ എത്ര ട്രഷറികളിൽ ട്രഷറി ഇൻഫർമേഷൻ സിസ്റ്റം പ്രകാരം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്;

(സി) ട്രഷറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എത്ര ജീവനക്കാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇപ്രകാരം ട്രെയിനിംഗ് ലഭിച്ചവർക്ക് റ്റി.ഐ.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ട്രഷറികളിൽ നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) കമ്പ്യൂട്ടർ ട്രെയിനിംഗ് സർക്കാർ ചെലവിൽ ലഭിച്ച ട്രഷറി വകുപ്പിലെ ജീവനക്കാർക്ക് കമ്പ്യൂട്ടറുമായി യാതൊരു ബന്ധവുമില്ലാത്ത ജോലികൾ നൽകുന്നുതുമൂലം ട്രെയിനിംഗ് ലഭിച്ചിട്ടും പ്രയോജനമില്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് എത്ര പെൻഷൻ പേയ്മെന്റ് ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly